## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

27.07.2015-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ. 5177

### പോളിടെക്നിക്കുകളിൽ അനുവദിച്ച പുതിയ ബ്രാഞ്ചുകൾ

**ചോദ്യം**

ശ്രീ. പി. തിലോത്തമൻ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഏതെല്ലാം പോളിടെക്നിക്കുകൾക്ക് പുതിയ ബ്രാഞ്ചുകൾ അനുവദിച്ചിട്ടുണ്ടെന്ന വ്യക്തമാക്കാമോ ; അവ ഏതെല്ലാം ബ്രാഞ്ചുകളാണെന്നും ഏതെല്ലാം പോളിടെക്നിക്കുകൾക്കാണെന്നും അവയിൽ സർക്കാർ പോളിടെക്നിക്കുകളും എയ്ഡഡ് പോളിടെക്നിക്കുകളും ഏതെല്ലാമെന്നും പറയാമോ ?

**മറുപടി**

ശ്രീ. പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സർക്കാർ/എയ്ഡഡ് മേഖലയിൽ വിവിധ സ്ഥാപനങ്ങളിൽ പുതുതായി അനുവദിച്ച ബ്രാഞ്ചുകളും സീറ്റുകളും താഴെ പറയുന്നു.

വനിതാ പോളിടെക്നിക്ക് കോളേജ്, കായംകുളം
കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് - 60,

ഗവ. പോളിടെക്നിക്ക് കോളേജ്, തൃക്കരിപ്പൂർ
ബയോ മെഡിക്കൽ എഞ്ചിനീയറിംഗ് - 60.

ഗവ. പോളിടെക്നിക്ക് കോളേജ്, പാല
ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് - 60.

ഗവ. പോളിടെക്നിക്ക് കോളേജ്, പാലക്കാട്
ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് - 60.

ഗവ. പോളിടെക്നിക്ക് കോളേജ്, ചേലക്കര
സിവിൽ - 60,
മെക്കാനിക്കൽ എഞ്ചിനീയറിംഗ് - 60.

| | | | |
|---|---|---|---|
| (ബി) | പുതിയ ബ്രാഞ്ചുകൾ അനുവദിക്കുന്നതിന് പാലിക്കുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ? | (ബി) | AICTE യുടെ അംഗീകാരവും ഭൗതിക സാഹചര്യങ്ങളുടെ ലഭ്യതയും പരിഗണിച്ചാണ് സാധാരണയായി പുതിയ ബ്രാഞ്ചുകൾ അനുവദിക്കുന്നത്. |
| (സി) | സർക്കാർ പോളിടെക്നിക്കുകൾക്ക് പുതിയ ബ്രാഞ്ചുകൾ അനുവദിക്കുമ്പോൾ വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രയോജനമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ ബ്രാഞ്ചുകൾ പരിഗണിക്കാറുണ്ടോ , | (സി) | ഉണ്ട്. |
| (ഡി) | ഇത്തരം ആവശ്യങ്ങൾ പരിഗണിച്ച് സമർപ്പിക്കപ്പെട്ട പുതിയ ബ്രാഞ്ചുകൾക്കുള്ള അപേക്ഷകളിൽ എത്ര സ്ഥാപനങ്ങളുടെ അപേക്ഷകൾ ഇനിയും പരിഗണിക്കാതെയുണ്ടെന്നു വ്യക്തമാക്കാമോ, ഇത്തരം ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ മുൻഗണനാക്രമം പാലിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ ? | (ഡി) | AICTE അംഗീകാരം ലഭിച്ച 3 അപേക്ഷകൾ അധിക സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് പരിഗണിച്ചിട്ടില്ല. മുൻ ഗണനാക്രമം പാലിക്കാറില്ല. |

സെക്ഷൻ ഓഫീസർ